കോളേജുകളിൽ ആ സംസ്ഥാനത്തിലുള്ളവർക്കു നൽകുന്ന സൗജന്യങ്ങൾ കാസർക്കോട് പ്രദേശത്തെ കർണാടകക്കാർക്കും നൽകാമെന്ന് ശ്രീ ഹേഗ്ഡേ വാഗ്ദാനംചെയ്തിട്ടുണ്ട്.

ഇത്തരം പ്രലോഭനങ്ങളിലൂടെയും ആനുകൂല്യങ്ങളിലൂടെയും ഈ പ്രദേശത്ത് ഒരു കർണാടക–ലയനപ്രക്ഷോഭണം ഉണ്ടാക്കി നിലനിർത്താൻ ഹേഗ്ഡേ സർക്കാർ ശ്രമിച്ചുകൂടായ്കയില്ല. അതിനാൽ കേരളത്തിലെ സർക്കാരും ജനങ്ങളും ഈ പ്രദേശത്തിന്റെ പ്രശ്നങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

മുമ്പു ചൂണ്ടിക്കാട്ടിയതുപോലെ, കന്നഡ മാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസസൗകര്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ആവശ്യമുള്ളവർക്ക് മലയാളം മീഡിയത്തിലൂടെ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ കാസർക്കോട്ടുപ്രദേശത്ത് പൂർണമായി നടപ്പിൽ വരുത്തണം. ശക്തിയേറിയ ഒരു ഗ്രന്ഥശാലാപ്രസ്ഥാനവും, വയോജനവിദ്യാഭ്യാസപ്രസ്ഥാനവും ഇവിടെ ആരംഭിക്കണം. ഈ പ്രദേശത്തിലെ മുഖ്യ പ്രാദേശികഭാഷയായ തുളുവിന്റെ വളർച്ചയും സർക്കാരിന്റെ പരിഗണനയിലുണ്ടാവണം. കേരളസാഹിത്യ അക്കാദമിയിൽ ഒരു തുളുവിഭാഗം ഉണ്ടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. കോഴിക്കോട്, സർവകലാശാലയിലും ഒരു തുളുവിഭാഗം ആരംഭിക്കാവുന്നതേയുള്ളൂ. തുളുഭാഷയുടെ വികസനത്തിൽ കർണാടകക്കാർക്കുള്ളത്രയെങ്കിലും താൽപ്പര്യം കേരളീയർക്കുണ്ടെന്ന് നാം തുളുക്കാരെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ, കലാലോകത്തിനു കാസർക്കോടിന്റെ പ്രമുഖസംഭാവനയായ 'യക്ഷഗാന'ത്തിന്റെ വളർച്ചയിലും കേരളം പങ്കുവഹിക്കേണ്ടതുണ്ട്. എന്തുകൊണ്ട് കലാമണ്ഡലത്തിൽ ഒരു യക്ഷഗാനവിഭാഗം ഉണ്ടായിക്കൂടാ?

പയസ്വിനിനദിക്കു വടക്ക് കാസർക്കോട് ജില്ലയിലുള്ള പ്രദേശങ്ങൾ കേരളസംസ്ഥാനത്തിൽ ചേർക്കുന്നതിന് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്, ശ്രീ സി. അച്യുതമേനോൻ, പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, ശ്രീ എം. എൻ. ഗോവിന്ദൻനായർ എന്നിവർ എതിരായിരുന്നു എന്ന്, ശ്രീ രാജീവ്ഗാന്ധിക്കുള്ള കത്തിൽ ശ്രീ ഹേഗ്ഡേ പറയുന്നുണ്ട്. ഇവരിൽ പ്രൊഫസർ മുണ്ടശ്ശേരിയും ശ്രീ ഗോവിന്ദൻനായരും ഇന്നില്ല. ഈ പ്രശ്നത്തെപ്പറ്റി തങ്ങൾ അന്ന്(1956–നു മുമ്പ്) എന്തു പറഞ്ഞു എന്നും, ഇന്ന് എന്തു വിചാരിക്കുന്നു എന്നും ശ്രീ നമ്പൂതിരിപ്പാടും ശ്രീ അച്യുതമേനോനും വ്യക്തമാക്കുന്നതു നന്ന്. ഭാഗ്യവശാൽ അവർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലോ.

24 ഒക്ടോബർ, 1985

# 59. സാങ്കേതിക വിദ്യാഭ്യാസം

ഈയിടെ നാടെങ്ങും ചർച്ചചെയ്യപ്പെട്ട ഇന്ത്യാഗവണ്മെന്റിന്റെ വിദ്യാഭ്യാസനയരേഖയിൽ സാങ്കേതികവിദ്യാഭ്യാസത്തെപ്പറ്റി താഴെച്ചേർത്ത പരാമർശങ്ങൾ അടങ്ങിയിരിക്കുന്നു:

'സാങ്കേതികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എത്രമതിച്ചാലും അധികമാവില്ല. സാങ്കേതികശിക്ഷണം ലഭിച്ച ഒരു വലിയ സമൂഹം ഇന്ത്യയിലുണ്ട്. ശാസ്ത്രീയവും വ്യാവസായികവുമായ വികസനത്തെ ഇവർ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ശാസ്ത്ര–സാങ്കേതികരംഗങ്ങളിൽ പുതിയ ഉൽപാദനമുറകളുമായി ചുവടൊപ്പിച്ചുനീങ്ങുന്നതിന് വരുന്ന ദശക

ങ്ങളിലും ഇന്ത്യയ്ക്ക് ഉയർന്ന ശാസ്ത്രീയ–സാങ്കേതികശിക്ഷണം ലഭിച്ചവർ ആവശ്യമായിവരും. ഇത്തരം ശിക്ഷണം എത്രപേർക്ക നൽകപ്പെടണമെന്നും, ഏററവും നല്ല സ്ഥാപനങ്ങളിൽ ശിക്ഷണം നേടിയവർക്ക് ആ ശിക്ഷണത്തിനുചേർന്ന ജോലികൾ എന്തുകൊണ്ട ലഭിക്കുന്നില്ല എന്നതുമേ ചർച്ചചെയ്യപ്പെടേണ്ടതുള്ള.

'ഇന്ത്യയിൽ ഏററവും പ്രതിഭാശാലികളായ എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് തൃപ്തിനൽകുന്നതരം ജോലികളോ പ്രവർത്തനപരിസരങ്ങളോ ലഭിക്കുന്നില്ലെന്ന പൊതുവെ പറയപ്പെടുന്നുണ്ട്. ഇതിൻെറ ഫലമായി ഗണ്യമായ 'തലച്ചോർവാർച്ച' സംഭവിക്കുന്നു; പല എൻജിനീയറിങ്ബിരുദധാരികളും വിദേശങ്ങളിലേക്ക പോവുകയോ മാനേജ്മെൻറ് സംബന്ധിച്ച ജോലികളിലേക്ക നീങ്ങുകയോചെയ്യുന്നു.

'ഇന്ത്യയിൽ, എൻജിനീയറിങ്ങിൽ പിഎച്ച്. ഡി. ബിരുദമുള്ളവരിൽ നാല്പത്തഞ്ചുശതമാനവും മാസ്റ്റർബിരുദമുള്ളവരിൽ അറുപത്തൊമ്പതു ശതമാനവും ഗവേഷണമോ വികസനമോ ആയി ബന്ധപ്പെടാത്ത ജോലികളാണു ചെയ്യുന്നത്. അമേരിക്കയിൽ ഗവേഷണവുമായി ബന്ധപ്പെടാത്ത ജോലികളിലേർപ്പെട്ട പി. എച്ച്. ഡി. ക്കാരുടെ ശതമാനം അഞ്ചും മാസ്റ്റർബിരുദക്കാരുടെ ശതമാനം മുപ്പത്തേഴും മാത്രമാണ്. ബ്രിട്ടനിൽ ഇവരുടെ ശതമാനം യഥാക്രമം ഏഴും മുപ്പത്തഞ്ചും ആകുന്നു. ഇന്ത്യൻ പ്രതിഭയ്ക്ക് അനുസ്യൂതമായ സംഭാവന മൗലികഗവേഷണരംഗത്തിൽ നൽകിയിട്ടുള്ളവർ വളരെ കുറച്ചേ ഉള്ളു. ഇതിനു കാരണം ഇന്ത്യയിൽ ഗവേഷണ–വികസനപരിതഃസ്ഥിതിയുടെ അപര്യാപ്തതയോ, ഇന്ത്യൻ സാങ്കേതികപരിശീലനത്തിൻെറ തകരാറോ, സങ്കേതവിദ്യ ഇറക്കമതി ചെയ്യുന്നതുസംബന്ധിച്ച നയമോ എന്നു പറയുക പ്രയാസമാകുന്നു.

'സാമൂഹ്യപ്രസക്തിയുള്ള പ്രതിഫലം പ്രതീക്ഷിക്കാതെ ഉയർന്ന സാങ്കേതികശിക്ഷണത്തിന് പണം ചെലവഴിക്കാൻ ഒരു ദരിദ്രരാജ്യത്തിനു സാധ്യമല്ല. വിദ്യാർത്ഥികളുടെ മനസ്ഥിതി മാററിയെടുക്കുന്നതിനും, ഇന്ത്യയിലെ ഏററവും നല്ല സാങ്കേതികവിദ്യാലയങ്ങളിലെ ബിരുദധാരികൾ വിദേശങ്ങളിലേക്ക കടിയേറുന്നതു തടയുന്നതിനും എന്തെങ്കിലും ചെയ്യേ കഴിയൂ എന്ന ഒരു അഭിപ്രായഗതിയുണ്ട്. ദരിദ്രരാജ്യങ്ങളിൽനിന്നു് സമ്പന്നരാജ്യങ്ങളിലേക്കുള്ള തലതിരിഞ്ഞ മൂലധനപ്രവാഹമാണ് ഈ കടിയേററം. ആയിരത്തിഇരുനൂറു ഡോക്ടർമാർ ആണ്ടുതോറും ഇന്ത്യയിൽനിന്നു് അമേരിക്കയിലേക്ക കടിയേറുന്നു എന്നുവെക്കുക. ഇത്രയും ഡോക്ടർമാരെ അമേരിക്കയിൽത്തന്നെ പരിശീലിപ്പിക്കണമെങ്കിൽ, അതിനു് അമേരിക്ക പന്ത്രണ്ട് മെഡിക്കൽകോളേജുകൾ നടത്തേണ്ടിവരും. അമേരിക്ക മററു രാജ്യക്കാർക്ക നൽകുന്ന വൈദ്യസഹായത്തിൻെറ ആകെത്തുകയ്ക്കു തുല്യമായിരിക്കും, ഡോളർ കണക്കിൽ, ഇതിനുള്ള ചെലവ്.'

ശാസ്ത്രീയ–സാങ്കേതികശിക്ഷണം ലഭിച്ചവരുടെ എണ്ണം നോക്കിയാൽ, അമേരിക്കയ്ക്കും സോവ്യററ്യൂണിയനും അടുത്ത സ്ഥാനം ഇന്ത്യയ്ക്കാണെന്നു നാം അഭിമാനിക്കാറുണ്ട്. എന്നാൽ, ഇന്ത്യയിലെ വമ്പിച്ച ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ, ശാസ്ത്രീയ–സാങ്കേതിക–ശിക്ഷണം ലഭിച്ചവരുടെ തുക ഇവിടെ തുലോം അപര്യാപ്തമാണെന്നു കാണാം. ഇന്ത്യയിൽ പത്തുലക്ഷം ആളുകളിൽ നാല്പത്തേഴുപേർ മാത്രമാണ് ശാസ്ത്രജ്ഞരോ എൻജിനീയർമാരോ ആയിട്ടുള്ളത് എന്നും അതേസമയം ഇൻഡോനേഷ്യയിൽ പത്തുലക്ഷം ജനങ്ങളിൽ അമ്പത്തേഴുപേരും, പാകിസ്ഥാനിൽ അറുപത്തിമൂന്നുപേരും, ഫിലിപ്പൈൻസിൽ തൊണ്ണൂറേറഴുപേരും, ഈറാനിൽ നൂററമ്പത്തൊമ്പതുപേരും, ശ്രീലങ്കയിൽ നൂററുപത്തൊമ്പതുപേരും, തെക്കൻ കൊറിയയിൽ നാനൂററിപ്പതി

നെട്ടപേരും ശാസ്ത്രജ്ഞരോ എൻജിനീയർമാരോ ആണെന്നും യുനെസ്കോവിൻെറ ഒരു രേഖയിലുണ്ടത്രേ. ജനസംഖ്യക്കണക്കുവെച്ചുനോക്കുമ്പോൾ ഏഷ്യൻരാജ്യങ്ങളിൽ പലതിൻെറയും പിന്നിലാണ് സാങ്കേതിക–ശാസ്ത്രീയവിദ്യാഭ്യാസരംഗത്തിൽ ഇന്ത്യയുടെ സ്ഥാനം എന്നു് ഈ കണക്കു കാണിക്കുന്നു.

1982—83–ൽ അഞ്ഞൂററിപ്പതിനഞ്ചു പോളിടെക്നിക്കുകളും ഇരുനൂറു് എൻജിനീയറിങ് കോളേജുകളുമാണു് ഇന്ത്യയിലുണ്ടായിരുന്നതു്. ഏററവുമധികം പോളിടെക്നിക്കുകൾ ഉണ്ടായിരുന്ന സ്റ്റേററ് തമിഴ്നാടായിരുന്നു. എൻജിനീയറിങ്കോളേജുകളിൽ നാലിലൊന്നു് (ആകെ നാല്പത്തെട്ടെണ്ണം) കർണാടകത്തിലായിരുന്നു. ആന്ധ്രപ്രദേശിൽ ഇരുപത്താറു് എൻജിനീയറിംങ്കോളേജുകൾ 1982—83–ൽ ഉണ്ടായിരുന്നു. ഇന്ത്യയിലാകെ എൻജിനീയറിങ് കോളേജുകളിൽ മുപ്പതിനായിരവും പോളിടെക്നിക്കുകളിൽ അറുപതിനായിരവും വിദ്യാർത്ഥികൾക്കു് എഴുപതു വിഷയങ്ങളിൽ പഠനസൗകര്യങ്ങൾ ലഭ്യമായിരുന്നു. സാങ്കേതികവിഷയങ്ങളിൽ ബിരുദാനന്തരപഠനം നൽകിയിരുന്ന അറുപതു സ്ഥാപനങ്ങളിൽ ആറായിരം വിദ്യാർത്ഥികൾക്കു പഠനസൗകര്യങ്ങൾ നൽകപ്പെട്ടിരുന്നു. പിന്നീടുള്ള മൂന്നു വർഷങ്ങളിൽ സാങ്കേതികവിദ്യാലയങ്ങളുടെയും അവയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും എണ്ണത്തിൽ പിന്നെയും വർധന ഉണ്ടായിട്ടുണ്ടു്. പുതുതായി മുപ്പത്തെട്ടു പ്രൈവററ് എൻജിനീയറിങ് കോളേജുകളും അറുപത്തെട്ടു പ്രൈവററ് പോളിടെക്നിക്കുകളും തുറക്കുവാൻ ഇക്കഴിഞ്ഞയാണ്ടിൽ മഹാരാഷ്ട്രഗവണ്മെററ് അനുവദിക്കുകയുണ്ടായി. മററു സ്റ്റേററുകളും ഈവഴിക്കു ചുവടുവെയ്പു് നടത്തിക്കാണണം.

ഇന്ത്യയിലെ സമ്പന്നവർഗക്കാർക്കിടയിൽ സാങ്കേതികവിദ്യാഭ്യാസം ഒരു സാമൂഹ്യപ്പൊങ്ങച്ചവും സാമ്പത്തികനിക്ഷേപവുമായി മാറിക്കഴിഞ്ഞിരിക്കയാണു്. തങ്ങളുടെ ബുദ്ധികുറഞ്ഞ കുട്ടികൾക്കു് സാങ്കേതികവിദ്യാലയങ്ങളിൽ സീററു വാങ്ങിക്കൊടുക്കുവാൻവേണ്ടി എന്തു ചെലവും ചെയ്യാൻ സമ്പന്നരായ പല രക്ഷിതാക്കളും തയ്യാറാണു്. ഈ ചുററുപാടിൽ കോഴ–സാങ്കേതിക–വിദ്യാലയങ്ങളുടെ എണ്ണം പെരുത്തില്ലെങ്കിലേ അത്ഭുതപ്പെടേണ്ടൂ. സാങ്കേതികവിദ്യാലയങ്ങളിലെ കോഴസമ്പ്രദായം അവസാനിപ്പിക്കുവാൻ ആത്മാർത്ഥമായ ഒരു പരിശ്രമം നടത്തിയതു് ആന്ധ്രപ്രദേശിൽ അധികാരത്തിൽവന്ന തെലുഗുദേശം പാർട്ടി മാത്രമാണു്. കർണാടകത്തിലെ ജനതാപാർട്ടി ഗവണ്മെൻറു് സാങ്കേതികവിദ്യാലയങ്ങളിലെ കോഴസമ്പ്രദായത്തെ നിയമാധിഷ്ഠിതമാക്കുകയാണു ചെയ്തതു്. വിദ്യാഭ്യാസത്തിൽ കോഴസമ്പ്രദായത്തിനു് ജന്മംനൽകുകയും, അതിനെ പരമാവധി പോഷിപ്പിക്കുകയുംചെയ്ത കോൺഗ്രസ്പാർട്ടിയുടെ ഗവണ്മെൻറുകളിൽനിന്നു് കോഴയെ നിരുത്സാഹപ്പെടുത്തുന്നതുസംബന്ധിച്ചു് എന്തെങ്കിലും പ്രതീക്ഷിക്കുന്നതു് വ്യർത്ഥമായിരിക്കും. ഇന്ത്യാഗവണ്മെൻറിൻെറ വിദ്യാഭ്യാസനയരേഖ ഈ ദുഷിച്ച വ്യവസ്ഥിതിയെപ്പററി ഇങ്ങനെ പറയുന്നു.

'പ്രവേശനത്തിനു് വലിയതോതിൽ കോഴവാങ്ങുന്ന ഒട്ടേറെ സാങ്കേതികകോളേജുകൾ അടുത്തകാലത്തു് നിലവിൽവന്നിട്ടുണ്ടു്. വിദ്യാർത്ഥികളുടെ അർഹത നോക്കിയല്ലാതെ, രക്ഷിതാക്കളുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ സാങ്കേതികശിക്ഷണം നൽകുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കണമെന്നു ശക്തിയായ ഒരു വികാരം നിലവിലുണ്ടു്. നേരെമറിച്ചു്, വിദ്യാഭ്യാസത്തിൻെറ മുഴുവൻചെലവും സമ്പന്നരെക്കൊണ്ടു ചെയ്യിക്കുകവഴി സാങ്കേതികവിദ്യാഭ്യാസത്തിൻെറ അടിസ്ഥിവാരം വിപുലമാക്കുകയെന്ന സാമൂഹ്യലക്ഷ്യമാണു് തങ്ങൾ

നിറവേററുന്നതെന്ന് ഈ സ്ഥാപനങ്ങളുടെ മാനേജ്മെൻറുകൾ വാദിക്കുന്നു. കോഴവാങ്ങാതെ ഇരുപത്തഞ്ചുശതമാനംമുതൽ അമ്പതുശതമാനം വരെ വിദ്യാർത്ഥികളെ ചേർക്കാൻ സർക്കാരിനെ അനുവദിക്കുമെങ്കിൽ, ഈ സ്ഥാപനങ്ങളെ തുടർന്നു പ്രവർത്തിക്കുവാൻ അനുവദിക്കണമെന്നാണ് മററൊരു വിഭാഗം ശുപാർശചെയ്തുവരുന്നത്.'

കോഴക്കോളേജുകളോട് ഇന്ത്യാഗവൺമെൻറ് തുടരാനുദ്ദേശിക്കുന്ന നയം ഈ ഒട്ടവിൽപ്പുറഞ്ഞതായിരിക്കുമെന്നാണ് ഊഹിക്കേണ്ടത്. സാങ്കേതികവിദ്യാലയങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും രണ്ടും കൽപിച്ച ശക്തമായ ഒരു കോഴവിരോധപ്രസ്ഥാനം ആരംഭിക്കാത്ത പക്ഷം, നമ്മുടെ സാംസ്കാരികശരീരത്തിലെ ഈ പൊട്ടിയൊലിക്കുന്ന അർബുദവ്രണം അശ്വത്ഥാമാവിൻെറ കുഷ്ഠരോഗംപോലെ ഒരു ശാശ്വത പ്രതിഭാസമായി നിലകൊള്ളാനാണ് സാധ്യത.

ഇന്ത്യയിലെ സാങ്കേതികവിദ്യാലയങ്ങളിൽ നൽകപ്പെടുന്ന ശിക്ഷണം ഏകരൂപമല്ല. ഗവൺമെൻറിൻെറ വിദ്യാഭ്യാസനയരേഖയിൽ ഇങ്ങനെ കാണുന്നു.

'പലതരം സാങ്കേതികവിദ്യാലയങ്ങൾതമ്മിൽ നിലവാരത്തിൻെറ കാര്യത്തിൽ വളരെ വലിയ വ്യത്യാസമുണ്ട്. ഐ. ഐ. ടി. കൾ, റീജിയണൽ എൻജിനീയറിങ്കോളേജുകൾ, സ്റ്റേററ് എൻജിനീയറിങ് കോളേജുകൾ എന്നിവ തികച്ചും വ്യത്യസ്തവർഗങ്ങളിൽപ്പെടുന്നു. പല സ്റ്റേററുകളിലും, ഒരൊററ ഐ. ഐ. ടി. ക്കു നീക്കിവെക്കുന്ന പണത്തേക്കാൾ കൂടുതലല്ല, പല എൻജിനീയറിങ്കോളേജുകളും പോളിടെക്നിക്കുകളും അടങ്ങുന്ന സാങ്കേതികവിദ്യാഭ്യാസരംഗത്തിനു് ആകെ ബജററിൽ നീക്കിവെക്കുന്ന തുക. ഐ. ഐ ടി കളിൽ ശിക്ഷണം നൽകുന്നതു് ഇന്ത്യയുടെ വികസനാവശ്യങ്ങൾ മുൻനിർത്തിയല്ല, അന്താരാഷ്ട്രീയ സാങ്കേതികവിപണിയിലെ ആവശ്യങ്ങൾ മുൻനിർത്തിയാണ് എന്നു് പൊതുവെ ഒരു ധാരണയുണ്ട്. ഫലമോ? ഈ അന്തസ്സുകൂടിയ സ്ഥാപനങ്ങളിലെ ബിരുദധാരികൾ സമ്പന്നരാജ്യങ്ങളിൽ ഉദ്യോഗംനേടുന്നതിൽ വിജയിക്കുന്നു.'

'സാങ്കേതികവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതും അവയുടെ 'പഴഞ്ചത്തം' നീക്കി, ഗവേഷണസൗകര്യങ്ങൾ വികസിപ്പിക്കുന്നതും, സങ്കേതവിദ്യയുടെ പുതിയ അതിരുകളിൽ പ്രശിക്ഷണത്തിനു് മുൻഗണനാടിസ്ഥാനത്തിൽ ഏർപ്പാടുകളുണ്ടാക്കുന്നതു അത്യാവശ്യമാണെന്നു് എല്ലാവരും അംഗീകരിക്കുന്നു' എന്നും വിദ്യാഭ്യാസനയരേഖ പ്രസ്താവിക്കുന്നുണ്ട്. ഇങ്ങനെ സാമാന്യമായി പറയുന്നതല്ലാതെ സാങ്കേതികവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം നവീകരിക്കുന്നതുസംബന്ധിച്ച വിശദാംശങ്ങളിലേക്കു് ഈ രേഖ പ്രവേശിക്കുന്നില്ല.

തങ്ങളുടെ പഠിപ്പിനും കഴിവിനും യോജിച്ച ജോലികൾ സാങ്കേതികശിക്ഷണം നേടിയവർക്കു ലഭിക്കുന്നുണ്ടോ? ഈ പ്രശ്നം സംബന്ധിച്ച ആധികാരികപഠനങ്ങൾ ഇന്ത്യയിൽ വളരെ കുറച്ചേ നടന്നിട്ടുള്ളു. സൂപ്പർവൈസർ നിലവാരത്തിലുള്ള ജോലികൾക്കുവേണ്ട യോഗ്യതയായിട്ടാണല്ലോ പോളിടെക്നിക്കുകളിലെ പാഠ്യക്രമം ആസൂത്രണംചെയ്തിട്ടുള്ളതു്. 1979—ൽ ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ നടത്തിയ ഒരു സർവ്വേയിൽ കണ്ടതു്, വ്യവസായങ്ങളിൽ സൂപ്പർവൈസർ തലത്തിൽ ഉള്ള ജോലികളിൽ നാല്പതുശതമാനവും ലഭിച്ചിട്ടുള്ളതു് സാങ്കേതികമായി ഒരുതരം ഔപചാരികവിദ്യാഭ്യാസവും ലഭിക്കാത്തവർക്കാണെന്നാണു്. പോളിടെക്നിക് ഡിപ്ലോമകൾ നേടിയവർ അത്തരം ജോലികളിൽ ഇരുപത്തെട്ടുശതമാനത്തിൽ താഴെ മാത്രമേ നിയമിക്കപ്പെട്ടിരുന്നുള്ളു. ട്രേഡ്യൂണിയൻ സമ്മർദ്ദത്തിൻഫലമായി സൂപ്പർവൈസർ തല

ത്തിലുള്ള ജോലികളിൽ പ്രൊമോഷൻവഴി നിയമനങ്ങൾ നൽകുന്നതാണ് ഇതിനു കാരണം. ഇതുനിമിത്തം, പോളിടെക്നിക് ഡിപ്ലോമകൾ നേടിയവർക്കിടയിൽ വ്യാപകമായ തൊഴിലില്ലായ്മ നിലവിലിരുന്നതായും, ഒരു ശിക്ഷണവും വേണ്ടാത്ത കൂലിപ്പണികൾക്ക് അവരിൽ പലരും മുന്നിട്ടുവന്നിരുന്നതായും മുൻപറഞ്ഞ സർവ്വേ വ്യക്തമാക്കിയിരുന്നു. അതേസമയം ഇലക്ട്രോണിക്സ് പോലുള്ള ചില തുറകളിൽ ആവശ്യമുള്ള ഡിപ്ലോമക്കാരെ കിട്ടാനുമുണ്ടായിരുന്നില്ല.

എൻജിനീയറിങ്ങിൽ ഡിഗ്രി നേടിയവരിൽ എഴുപതുശതമാനവും വലിയ ശിക്ഷണമൊന്നും ആവശ്യമില്ലാത്ത ആവർത്തനസ്വഭാവമുള്ള ഭരണജോലികളാണ് നിർവ്വഹിക്കുന്നതെന്നും ആ സർവ്വേ വെളിപ്പെടുത്തുകയുണ്ടായി. ഗവേഷണ–വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത് എൻജിനീയറിങ് ബിരുദധാരികളുടെ രണ്ടുശതമാനം മാത്രമായിരുന്നു. ബിരുദധാരികളിൽ പത്തുശതമാനത്തിനു ലഭിച്ചിരുന്നത് ഡിപ്ലോമമാത്രം ആവശ്യമുള്ള ജോലികളായിരുന്നു. ഇന്ത്യയിലെ എൻജിനീയറിങ്ങിൽ പിഎച്ച്. ഡി. ബിരുദധാരികളിൽ നാല്പത്തഞ്ചുശതമാനവും പോസ്റ്റ്ഗ്രാജേറ്റ് ബിരുദധാരികളിൽ അറുപത്തൊമ്പതുശതമാനവും ഗവേഷണത്തോടോ വികസനത്തോടോ ബന്ധമില്ലാത്ത ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് മുമ്പു പറഞ്ഞുവല്ലോ ഗവേഷണ–വികസനപ്രവർത്തനങ്ങൾക്ക് നമ്മുടെ വ്യവസായങ്ങൾ വലിയ പ്രാധാന്യമൊന്നും കല്പിച്ചിട്ടില്ല! അവയുടെ ആകെ വരുമാനത്തിന്റെ പതിനായിരത്തിൽ എഴുപത്തെട്ടുഭാഗം മാത്രമാണ് അവ ഗവേഷണത്തിനും വികസനത്തിനുമായി ചെലവഴിക്കുന്നത്. ഈ പരിതഃസ്ഥിതിയിൽ, ഗവേഷണ–വികസന പ്രവർത്തനങ്ങൾ എൻജിനീയറിങ്ങിൽ പോസ്റ്റ്ഗ്രാജേറ്റ്–ഡോക്ടർ ബിരുദധാരികളെ ആകർഷിക്കാത്തതിലോ, അവരിൽ, കഴിവും മിടുക്കുമുള്ളവർ സമ്പന്നരാജ്യങ്ങളിലേക്കു കുടിയേറുന്നതിലോ ആശ്ചര്യമില്ല.

ഏഷ്യയിലെതന്നെ മറ്റു പല രാജ്യങ്ങളേയും അപേക്ഷിച്ച് ഇന്ത്യയിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് പരപ്പു കുറവാണെന്നും, ഉള്ള സാങ്കേതിക–ശാസ്ത്രീയ വൈദഗ്ധ്യത്തെത്തന്നെ ഇവിടെ വേണ്ടുംവിധം നാം ഉപയോഗപ്പെടുത്തുന്നില്ലെന്നും ഇപ്പറഞ്ഞതിൽനിന്നു വ്യക്തമായല്ലോ. ഈ ദുഃസ്ഥിതിക്ക് എങ്ങനെ നിവാരണം ഉണ്ടാക്കാമെന്ന് ആലോചിക്കേണ്ടത് ഇന്നാട്ടിലെ ശാസ്ത്രീയ–സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരുടെ ചുമതലയാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് തുല്യമായ പദവിയും അധികാരവും അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസകൗൺസിലിന് (എ. ഐ. സി. ടി ഇ.) നൽകുന്നത് സാങ്കേതിക വിദ്യാഭ്യാസത്തിലെ കോഴ തുടങ്ങിയ തിന്മകൾ അവസാനിപ്പിക്കുവാനും നിലവാരം പൊതുവേ ഉയർത്താനും സഹായകമാകുമെന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ട്. എൻജിനീയറിങ് കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും, ഇത്തരം പ്രശ്നങ്ങളിൽ കൂടുതൽ താത്പര്യം പ്രദർശിപ്പിക്കാത്തപക്ഷം, ഈ രംഗം കൂടുതൽ വഷളാവാനാണ് സാധ്യത. സമൂഹത്തിൽ പരക്കെ അഴിമതിയുള്ള സ്ഥിതിക്ക് വിദ്യാഭ്യാസത്തിലും കുറെയൊക്കെ അഴിമതി ആവാമെന്നും, ജനസംഖ്യയിൽ പാതിയിലേറെ നിരക്ഷരരായ ഒരു രാജ്യത്ത് വൈദഗ്ധ്യത്തിന്റെ നിലവാരം വളരെയൊന്നും ഉയരേണ്ടതില്ലെന്നുമുള്ള സംതൃപ്തമനോഭാവമാണ് അവർക്കുള്ളതെങ്കിൽ....എങ്കിൽ ദൈവംതന്നെ നമ്മെ രക്ഷിക്കട്ടെ!

19 മാർച്ച്, 1986